ഉത്തരം

(എ&ബി) 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ Kerala State Textile Corporation Ltd.-ന്റെ പുതിയ യൂണിറ്റായ Komalapuram Spinning and Weaving Mills ലേക്കും വിപുലീകരണ പദ്ധതികൾ നടത്തുന്ന Kerala State Drugs & Pharmaceuticals Ltd. ലേക്കും Autokast Ltd. ലേക്കും ആവശ്യമായ നിയമനം നടത്തുന്നതിന് G.O.(Ms.)No.1/2011/ID dated 1-1-2011 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ ഒഴിവുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുതിയതായി ആരംഭിച്ച യൂണിറ്റുകളിലും വിപുലീകരണ പദ്ധതികളിലും ഈ സാമ്പത്തിക വർഷം തന്നെ പ്രവർത്തനം തുടങ്ങുന്നതിന്റെ ഭാഗമായി സമയബന്ധിതമായി സുതാര്യതയോടെ നിയമനം നടത്തുന്നതിനായിട്ട് Kerala State Productivity Council, KITCO, National Institute of Personnel Management (NIPM) എന്നീ പ്രൊഫഷണൽ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്കും ഈ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിലേക്ക് അപേക്ഷിക്കാവുന്നതാണ്.

(ഡി&ഇ) നിയമനങ്ങളിലേക്ക് ലഭിച്ച അപേക്ഷകൾ പ്രകാരം എഴുത്തു പരീക്ഷയ്ക്കും ഇന്റർവ്യൂവിനുമുള്ള അറിയിപ്പുകൾ നൽകിവരുന്നു. ഉദ്യോഗാർത്ഥികളുടെ പരിഗണനയനുസരിച്ച് ഇന്റർവ്യൂവിനും, പരീക്ഷകളിലും പങ്കെടുക്കാവുന്നതാണ്.

പരീക്ഷകളുടെ സമയക്രമീകരണംമൂലം ഉദ്യോർത്ഥികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സിഡ്കോയിലെ നിയമനങ്ങൾ

171 (2201) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സിഡ്കോ' എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര ; താല്ക്കാലിക ജീവനക്കാരെത്ര എന്ന് വ്യക്തമാക്കുമോ ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ പിരിച്ചുവിട്ടു ; എത്ര പേരെ പുതുതായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി.യുടെ അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 6-11-1975-ൽ ആണ് സിഡ്കോ രൂപീകൃതമായത്.

(ബി) സിഡ്കോയിൽ 1-6-2005-ൽ 297 സ്ഥിരം ജീവനക്കാരും 39 താൽക്കാലിക ജീവനക്കാരും 28 പാർട്ട്ടൈം ജീവനക്കാരും 152 തെഴിലാളികളുമടക്കം മൊത്തം 516 പേർ ഉണ്ടായിരുന്നു.

(സി) അടിസ്ഥാന ശമ്പളം 6,675 (പുതുക്കിയ ശമ്പളം 11,070) വരെ വരുന്ന തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി. വഴിയാണ് നടത്തുന്നത്. 11,070 രൂപയ്ക്ക് മുകളിൽവരുന്ന തസ്തികകളിലേക്ക്, വളരെ അത്യാവശ്യ ഘട്ടങ്ങളിൽ നിശ്ചിത യോഗ്യതകളുടെ അടിസ്ഥാനത്തിൽ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടുകൂടി നേരിട്ട് നിയമനം നടത്താറുണ്ട്.

(ഡി) ശൂന്യവേതന അവധി കഴിഞ്ഞിട്ടും തിരികെ ഡ്യൂട്ടിയിൽ ഹാജരാകാത്തതിന്റെ പേരിൽ 2 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. 7 പേരെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരവും 2 പേരെ നേരിട്ടും നിയമിച്ചിട്ടുണ്ട്. കൂടാതെ പി.എസ്.സി. മുഖാന്തരം 58 പേർക്ക് നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്.

(ഇ) പി.എസ്.സി.യുടെ അനുമതിയോടെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(എഫ്) പി.എസ്.സി.യുടെ പരിധിയിൽ വരുന്ന തസ്തികയിൽ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ജി) 31-12-2010-ൽ 26 പാർട്ട് ടൈം സ്വീപ്പർ ഉൾപ്പെടെ 243 ജീവനക്കാരും 98 തെഴിലാളികളുമുണ്ടായിരുന്നു. കൂടാതെ 139 താൽക്കാലിക ജീവനക്കാരും ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly